**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2475** **12-10-2021 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കിൻഫ്ര പാർക്കിനായുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ കിൻഫ്ര കണ്ടെത്തിയ 95.47 ഏക്കർ ഭൂമി (പരവൂർ, ചിറക്കര വില്ലേജുകൾ) വ്യവസായ പാർക്കിനായി ഉപയോഗപ്പെടുത്തുന്നതിന് കിൻഫ്ര നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | വ്യവസായ പാർക്ക് സ്ഥാപിക്കുവൻ കിൻഫ്ര കൊല്ലം ജില്ലയിലെ പരവൂർ, ചിറക്കര വില്ലേജുകളിലെ 95.47 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 20-04-2010-ന് കൊല്ലം ജില്ലാ കളക്ടർക്ക് കിൻഫ്ര അർത്ഥനാപത്രം നൽകുകയും എന്നാൽ ഏറ്റെടുക്കാൻ ഉദ്ദേശിച്ച ഭൂമിയിൽ 46.39 ഏക്കർ ഭൂമി റവന്യൂ രേഖകൾ പ്രകാരം നിലം ഇനത്തിൽ പെട്ടതായതിനാൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നും മാറ്റിക്കിട്ടുന്നതിനുവേണ്ടി പ്രാദേശിക നിരീക്ഷണ സമിതിയ്ക്ക് കിൻഫ്ര 27-5-2013 ൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത ഭൂമിയിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള 46.39 ഏക്കർ ഭൂമി നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ കിൻഫ്ര നൽകിയ അപേക്ഷ സംബന്ധിച്ച നിലവിലെ അവസ്ഥ അറിയിക്കാമോ? | (ബി) | പ്രാദേശിക നിരീക്ഷണ സമിതി ചില വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷ പരിഗണിക്കാവുന്നതാണെന്ന ശുപാർശ 20-9-2017-ന് തിരുവനന്തപുരം കാർഷിക ഉത്പാദന കമ്മീഷണർക്ക് സമർപ്പിച്ചതായും 29-01-2018-ൽ കൂടിയ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ സംസ്ഥാനതല സമിതി യോഗം പ്രസ്തുത ശുപാർശ സംബന്ധിച്ച് എടുത്ത തീരുമാനം ഔദ്യോഗികമായി കിൻഫ്രക്ക് ലഭ്യമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ